**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4390** **10-08-2021 - ൽ മറുപടിയ്ക്ക്**

**സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കാൻ ഏജൻസികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി വകുപ്പിനു കീഴിൽ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുവാൻ ഏതൊക്കെ ഏജൻസികൾ നിലവിലുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുവാൻ കൃഷി വകുപ്പിനു കീഴിൽ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം പ്രവർത്തിക്കുന്നുണ്ട്. കാർഷികോല്പന്നങ്ങളുടെ മൂല്യവർധനവ് ലക്ഷ്യമിട്ടുകൊണ്ടാണ് എസ്.എഫ്.എ.സി വഴിയുള്ള പദ്ധതികൾ നടപ്പാക്കുന്നത്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യ വർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് എസ്.എഫ്.എ.സി വഴി സബ്സിഡി നൽകുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ വർഷം മുതൽ കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് കർഷകരെ ഉത്പാദനം, വായ്പ, വിപണനം തുടങ്ങിയ എല്ലാ വളർച്ചാ ഘട്ടങ്ങളിലും സഹായിക്കുമാറ് പുതുതായി കേരളത്തിൽ 50 കർഷക ഉത്പാദക സംഘടനകൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. എസ്.എഫ്.എ.സി. കേരള, വി.എഫ്.പി.സി.കെ എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് FPO കൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ഇത് വഴി കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനും, തദ്വാര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. കാർഷികോല്പാദനം മുതൽ വിപണനം, മൂല്യവർദ്ധനവ് ഇവയുടെയെല്ലാം ഏകോപനവും FPOകൾ ഉറപ്പാക്കുന്നതാണ്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോല്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു. |
| (ബി) | കാർഷികോല്പന്നങ്ങളുടെ സംരംഭകത്വവുമായി ബന്ധപ്പെട്ട പരിശീലനം നൽകുന്ന ഏജൻസികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കാർഷികോല്പന്നങ്ങളുടെ സംരംഭകത്വവുമായി ബന്ധപ്പെട്ട പരിശീലനം കൃഷി വകുപ്പിനു കീഴിൽ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം നൽകി വരുന്നു. കൃഷി വകുപ്പിന്റെ കീഴിൽ താഴെ |

| | | | |
|---|---|---|---|
| | | | പറയുന്ന സ്ഥാപനങ്ങൾ മറ്റു പരിശീലനങ്ങൾക്കൊപ്പം സംരംഭകർക്കും കർഷകർക്കും പരിശീലനം നൽകി വരുന്നു. 5 ആർ.എ.ടി.ടി.സി (RATTC)കളും 2 എഫ്.ടി.സി (FTC)കളും, ഉദ്യോഗസ്ഥരുടെ പരിശീലനത്തിന് SAMETI, കേരള കാർഷിക സർവകലാശാലയുടെ കേന്ദ്രങ്ങൾ കൂടാതെ കൃഷി വിഗ്യാൻ കേന്ദ്രങ്ങൾ മുഖേനയും പരിശീലനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നം. | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|
| 1 | സൂക്ഷ്മ തല സംരംഭം | 25 ലക്ഷം രൂപ വരെയുള്ള സംരംഭം | 50% പരമാവധി 10 ലക്ഷം |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം | 40% പരമാവധി 25 ലക്ഷം |
| 3 | ഇടത്തരം സംരംഭം | 1 കോടി മുതൽ 5 കോടി വരെ | 30% പരമാവധി 50 ലക്ഷം |

സെക്ഷൻ ഓഫീസർ

Scanned with CamScanner